# സ്ത്രീകളുടെ
# പള്ളിപ്രവേശനം
# ഇസ്‌ലാമിക വീക്ഷണത്തിൽ

[حُكْمُ خُرُوجِ النِّسَاءِ إِلَى الْمَسَاجِدِ]


## ഹംസ ജമാലി മണ്ണാർക്കാട്

حمزة الجمالي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com
1433 – 2012

بِسْمِ اللهِ الرَّحْمَـنِ الرَّحِيم

അല്ലാഹുവിന്റെ ഭവനമായ പള്ളികൾ ആരുടേയും സ്വന്തം വക യല്ല.അവിടെ ആരാധന നടത്തുന്നതിന് ആർക്കും വിലക്ക് കൽപിക്കാൻ അവകാശമില്ല. അല്ലാഹു പറയുന്നു.

وَمَنْ أَظْلَمُ مِمَّن مَّنَعَ مَسَاجِدَ اللّهِ أَن يُذْكَرَ فِيهَا اسْمُهُ وَسَعَى فِي خَرَابِهَا أُوْلَـئِكَ مَا كَانَ لَهُمْ أَن يَدْخُلُوهَا إِلاَّ خَآئِفِينَ لَهُمْ فِي الدُّنْيَا خِزْيٌ وَلَهُمْ فِي الآخِرَةِ عَذَابٌ عَظِيمٌ (البقرة : 114)

അല്ലാഹുവിന്റെ പള്ളികളിൽ അവന്റെ നാമം പ്രകീർത്തിക്കപ്പെടുന്നതിന് തടസ്സമുണ്ടാക്കുകയും, അവയുടെ (പള്ളികളുടെ) തകർച്ചയ്ക്കായി ശ്രമിക്കുകയും ചെയ്തവനേക്കാൾ വലിയ അതിക്രമകാരി ആരുണ്ട്? ഭയപ്പാടോടുകൂടിയല്ലാതെ അവർക്ക് ആ പള്ളികളിൽ പ്രവേശിക്കാവതല്ലായിരുന്നു. അവർക്ക് ഇഹലോകത്ത് നിന്ദ്യതയാണുള്ളത്. പരലോകത്താകട്ടെ കഠിന ശിക്ഷയും. (അൽബഖറ : 114)

അല്ലാഹുവിന് ഇബാദത്തു ചെയ്യുന്നതിന്നായി പണ്ടുകാലം മുതലെ പള്ളികളിൽ സ്ത്രീകൾ വന്നിരുന്നു. ലോക മുസ്ലിംകൾക്ക് ഉദാഹരണമായി വിശുദ്ധഖുർആനിൽ എടുത്തു പറയപ്പെട്ടവരും പേരെടുത്തു പറഞ്ഞ ഏകമഹതിയായ മർയം(ﷺ)നോട് അല്ലാഹു പറയുന്നത് നോക്കൂ.

يَا مَرْيَمُ اقْنُتِي لِرَبِّكِ وَاسْجُدِي وَارْكَعِي مَعَ الرَّاكِعِينَ (ال عمران 43)

മർയമേ, നിന്റെ രക്ഷിതാവിനോട് നീ ഭയഭക്തി കാണിക്കുകയും, സാഷ്ടാംഗം ചെയ്യുകയും, തലകുനിക്കുന്നവരോടൊപ്പം തല കുനിക്കുകയും ചെയ്യുക. (ആലുഇംറാൻ : 43)

പള്ളികളിൽ നമസ്കരിച്ചു കൊണ്ടിരിക്കുന്നവരുടെ കൂടെ നമസ്കരിക്കാനാണ് അല്ലാഹു മറിയം(ﷺ)നോട് ഇവിടെ നിർദ്ദേശിക്കുന്നത്. തഫ്സീർ ഇബ്നു കസീർ ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് പറയുന്നു :

أي: كوني منهم (تفسير ابن كثير صفحة : **363** )

അതായത് നീ അവരിൽ ഉൾപ്പെട്ടവളായി നിർവ്വഹിക്കുക. (തഫ്സീർ ഇബ്നു കസീർ : 363)

**പള്ളി ദർസിൽ പഠിപ്പിക്കുന്ന തഫ്സീർ ബൈളാവിയിൽ പറയുന്നു :**

أمرت بالصلاة في الجماعة (تفسير البيضاوى صفحة رقم **38**)

അവർ ജമാഅത്തായി നമസ്കരിക്കുവാൻ കൽപിക്കപ്പെട്ടു. (തഫ്സീർ ബൈളാവി: 1 /38 )

**അപ്രകാരം തഫ്സീർ ഖാസിൻ പറയുന്നു :**

وإنما قال : اركعي مع الراكعين ولم يقل : مع الراكعات لأن لفظ الراكعين أعم فيدخل فيه الرجال والنساء , والصلاة مع الرجال أفضل وأتم. وقيل : معناه كفعل الراكعين وقيل : المراد به الصلاة في جماعة أي صلي مع المصلين في جماعة. (تفسير الخازن(**1 / 347**)

മറിയമേ, നീ റുകൂഅ് ചെയ്യുന്ന സ്ത്രീകളുടെ കൂടെ റുകൂഅ് ചെയ്യൂ എന്ന് പറയാതെ റുകൂഅ് ചെയ്യുന്നവരുടെ കൂടെ (പുല്ലിംഗ ബഹുവചനമായി) എന്നാണ് പറഞ്ഞത്. കാരണം അതിൽ സ്ത്രീകളും പുരുഷന്മാരും ഉൾപെടുന്നതുകൊണ്ടാണ്. പുരുഷന്മാരുടെ കൂടെ നമസ്കരിക്കലാണ് ഏറ്റവും ഉത്തമവും പരിപൂർണ്ണവും.നമസ്കരിക്കുന്നവർ ചെയ്യുന്നതുപോലെ ചെയ്യുക എന്നും നമസ്കരിക്കുന്നവരുടെ കൂടെ ജമാഅത്ത് നമസ്കാരത്തിൽ നീ പങ്കെടുക്കുക എന്നും അർത്ഥം പറയപ്പെടുന്നു. (തഫ്സീർ ഖാസിൻ : 1/347)

സ്ത്രീകൾ പള്ളിയിൽ പോയി ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കുന്നത് ഇസ്‌ലാമിക ശരീഅത്ത് ഒരുകാലത്തും വിലക്കിയിട്ടില്ല. മറിച്ച് പ്രവാചകൻ(ﷺ)യുടെ കാലത്തും അവിടുത്തെ കാലശേഷവും ധാരാളം മുസ്‌ലിം സ്ത്രീകൾ പള്ളിയിൽ പോയിരുന്നതായി പ്രമാണങ്ങൾ പഠിപ്പിക്കുന്നു. ഏതാനും ചില തെളിവുകൾ താഴെ കൊടുക്കുന്നു.

عَنِ ابْنِ عُمَرَ أَنَّ رَسُولَ اللَّهِ ﷺ قَالَ«لاَ تَمْنَعُوا إِمَاءَ اللَّهِ مَسَاجِدَ اللَّهِ».(صحيح مسلم-**1018**)

ഇബ്നുഉമർ(رضي الله عنه) നിവേദനം: അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) അരുളി: നിങ്ങൾ അല്ലാഹുവിന്റെ അടിയാത്തികൾക്ക് അല്ലാഹുവിന്റെ പള്ളികളെ വിലക്കരുതെ (മുസ്‌ലിം : 1018)

عَنْ سَالِمٍ عَنْ أَبِيهِ عَنِ النَّبِيِّ ﷺ إِذَا اسْتَأْذَنَتْ امْرَأَةُ أَحَدِكُمْ إِلَى الْمَسْجِدِ فَلَا يَمْنَعْهَا

(صحيح البخاري :**5238**)

സാലിം(ﷺ) തന്റെ പിതാവിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) അരുളി: നിങ്ങളിലൊരാളുടെ ഭാര്യ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവളെ തടുക്കരുത് (ബുഖാരി : 5238)

- عَنِ ابْنِ عُمَرَ قَالَ قَالَ رَسُولُ اللَّهِ ﷺ إِذَا اسْتَأْذَنَكُمْ نِسَاؤُكُمْ إِلَى الْمَسَاجِدِ فَأْذَنُوا لَهُنَّ (مسند أحمد :5211)

ഇബ്നു ഉമർ(ﷺ)നിവേദനം: അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) അരുളി: നിങ്ങളുടെ ഭാര്യമാർ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവർക്ക് അനുവാദം നൽകുവീൻ. (അഹ്മദ് : 5211)

- عَنْ ابْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا عَنْ النَّبِيِّ ﷺ قَالَ إِذَا اسْتَأْذَنَكُمْ نِسَاؤُكُمْ بِاللَّيْلِ إِلَى الْمَسْجِدِ فَأْذَنُوا لَهُنَّ (صحيح البخاري : 865)

ഇബ്നുഉമർ(ﷺ) നിവേദനം: അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) അരുളി: നിങ്ങളുടെ ഭാര്യമാർ രാത്രിയിൽ പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അവർക്ക് അനുവാദം നൽകുവീൻ. (ബുഖാരി : 865)

عَنْ ابْنِ عُمَرَ قَالَ كَانَتْ امْرَأَةٌ لِعُمَرَ تَشْهَدُ صَلَاةَ الصُّبْحِ وَالْعِشَاءِ فِي الْجَمَاعَةِ فِي الْمَسْجِدِ فَقِيلَ لَهَا لِمَ تَخْرُجِينَ وَقَدْ تَعْلَمِينَ أَنَّ عُمَرَ يَكْرَهُ ذَلِكَ وَيَغَارُ قَالَتْ وَمَا يَمْنَعُهُ أَنْ يَنْهَانِي قَالَ يَمْنَعُهُ قَوْلُ رَسُولِ اللَّهِ ﷺ لَا تَمْنَعُوا إِمَاءَ اللَّهِ مَسَاجِدَ اللَّهِ(صحيح البخاري: 900)

ഇബ്നുഉമർ(ﷺ) നിവേദനം: ഉമർ(ﷺ)വിന്റെ ഒരു ഭാര്യ സുബഹി,ഇശാ എന്നീ നമസ്കാരങ്ങൾ ജമാഅത്തായി നമസ്കരിക്കാൻ പള്ളിയിൽ വരാറുണ്ടായിരുന്നു. അപ്പോൾ അവരോട് ചോദിക്കപ്പെട്ടു. നിങ്ങൾ പള്ളിയിൽ പോകുന്നത് ഉമർ(ﷺ)വിന് ഇഷ്ടമില്ലെന്നും വെറുപ്പാണെന്നും അറിയാമല്ലോ പിന്നെ എന്തിനാണ് നിങ്ങൾ പോകുന്നത്? ഉടനെ അവർ തിരിച്ചു ചോദിച്ചു. എന്നാൽ പിന്നെ ഉമറിനുതന്നെ നിരോധിച്ചുകളയാൻ എന്തു തടസ്സമാണുള്ളത് ? അബ്ദുല്ല പറഞ്ഞു: അല്ലാഹുവിന്റെ ദാസികളെ അല്ലാഹുവിന്റെ പള്ളികളിൽനിന്നും തടയരുത് എന്ന നബി വചനമാണ് ഉമറിന് തടസ്സമായി നിൽക്കുന്നത്. (ബുഖാരി: 900)

## ഹിജാബിന്റെ ആയത്തിന്റെ ശേഷവും

നബി(ﷺ) ജഹ്ശിന്റെ മകൾ സൈനബ(ﷺ)യെ വിവാഹം ചെയ്ത സന്ദർഭത്തിൽ സദ്യക്ക് ക്ഷണിച്ച വ്യക്തികൾ പുറത്തു പോകാതെ

യും മറ്റും നബി(ﷺ)ക്ക് പ്രയാസമായപ്പോൾ വിശുദ്ധ ഖുർആനിലെ സൂറത്തുൽ അഹ്സാബിലെ 53 ാം വചനം അവതരിക്കുകയുണ്ടായി :

يَا أَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتَ النَّبِيِّ إِلَّا أَن يُؤْذَنَ لَكُمْ إِلَى طَعَامٍ غَيْرَ نَاظِرِينَ إِنَاهُ وَلَٰكِنْ إِذَا دُعِيتُمْ فَادْخُلُوا فَإِذَا طَعِمْتُمْ فَانتَشِرُوا وَلَا مُسْتَأْنِسِينَ لِحَدِيثٍ إِنَّ ذَٰلِكُمْ كَانَ يُؤْذِي النَّبِيَّ فَيَسْتَحْيِي مِنكُمْ وَاللَّهُ لَا يَسْتَحْيِي مِنَ الْحَقِّ وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ وَمَا كَانَ لَكُمْ أَن تُؤْذُوا رَسُولَ اللَّهِ وَلَا أَن تَنكِحُوا أَزْوَاجَهُ مِن بَعْدِهِ أَبَدًا إِنَّ ذَٰلِكُمْ كَانَ عِندَ اللَّهِ عَظِيمًا ( الأحزاب : 53 )

സത്യവിശ്വാസികളേ, ഭക്ഷണത്തിന് (നിങ്ങളെ ക്ഷണിക്കുകയും) നിങ്ങൾക്ക് സമ്മതം കിട്ടുകയും ചെയ്താലല്ലാതെ നബിയുടെ വീടുകളിൽ നിങ്ങൾ കടന്നുചെല്ലരുത്. അത് (ഭക്ഷണം) പാകമാകുന്നത് നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്. പക്ഷെ നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ കടന്ന് ചെല്ലുക. നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞു പോകുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കുന്നവരാവുകയും അരുത്. തീർച്ചയായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ നിങ്ങളോട് (അത് പറയാൻ) അദ്ദേഹത്തിന് ലജ്ജ തോന്നുന്നു. സത്യത്തിന്റെ കാര്യത്തിൽ അല്ലാഹുവിന് ലജ്ജ തോന്നുകയില്ല. നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. അല്ലാഹുവിന്റെ ദൂതന് ശല്യമുണ്ടാക്കാൻ നിങ്ങൾക്ക് പാടില്ല. അദ്ദേഹത്തിന് ശേഷം ഒരിക്കലും അദ്ദേഹത്തിന്റെ ഭാര്യമാരെ നിങ്ങൾ വിവാഹം കഴിക്കാനും പാടില്ല. തീർച്ചയായും അതൊക്കെ അല്ലാഹുവിങ്കൽ ഗൗരവമുള്ള കാര്യമാകുന്നു. (അഹ്സാബ് : 53)

**ഈ സംഭവം വിവരിച്ചശേഷം ഇമാം ബുഖാരി(റ) പറയുന്നു :**

وَأُنْزِلَتْ آيَةُ الْحِجَابِ (صحيح البخاري : **4794**)

അങ്ങനെ ഹിജാബിന്റെ ആയത്ത് അവതരിക്കപ്പെട്ടു.(ബുഖാരി : 4794)

**തഫ്സീർ ഇബ്നു കസീർ ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് പറയുന്നു :**

هذه آية الحجاب (تفسير ابن كثير **3/607**)

ഇതാണ് ഹിജാബിന്റെ ആയത്ത് (തഫ്സീർ ഇബ്നു കസീർ : 3/607)

ഈ സംഭവം നടന്നത് ഹിജ്റ: മൂന്നിനാണെന്നും അഞ്ചിനാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

എന്നാൽ ഹിജാബിന്റെ ആയത്തായി യാഥാസ്ഥികന്മാർ ഉദ്ധരിക്കാറുള്ളത് സൂറത്തുൽ അഹ്സാബിലെ 32,33 ആയത്തുകളാണ്.

''പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമ്മനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയസ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞു കൊള്ളുക. നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക.പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്.നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക.(പ്രവാചകന്റെ) വീട്ടുകാരേ! നിങ്ങളിൽനിന്ന് മാലിന്യം നീക്കികളയുവാനും, നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. (അഹ്സാബ് : 32,33)

മേൽ ആയത്തുകളിലെല്ലാം വീട്ടിലും പുറത്തും അനുഷ്ഠിക്കേണ്ട മര്യാദകൾ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലാതെ മര്യാദയോടെ ഇസ്ലാം നിർദ്ദേശിക്കുന്ന നിബന്ധനയോടെ വസ്ത്രം ധരിച്ചുകൊണ്ട് വീട്ടിൽനിന്ന് പുറത്തു പോകുന്നതിനേയോ പള്ളിയിൽ പോകുന്നതിനേയോ വിലക്കുന്ന ഒരു സൂക്തം അല്ലാഹുവിന്റെ ഗ്രന്ഥത്തിലോ, പ്രവാചകൻ(ﷺ)യുടെ തിരു സുന്നത്തിലോ കാണാൻ സാധ്യമല്ല.

മുസ്ലിം സ്ത്രീകൾക്ക് പള്ളി വിലക്കുന്ന ഒരു ആയത്താണ് ഹിജാബിന്റെ ആയത്തെന്നാണ് പലരും ധരിച്ചിരിക്കുന്നത്. എല്ലാ ആവശ്യങ്ങൾക്കും പുറത്തു പോകുമ്പോൾ പാലിക്കേണ്ട നിയമങ്ങളാണ് സ്ത്രീകൾ പള്ളിയിൽ പോകുമ്പോഴും പാലിക്കേണ്ടത്. ശരീരത്തിന്റെ അവയവങ്ങൾ പ്രകടമാകാത്ത രീതിയിൽ സുഗന്ധം ഉപയോഗിക്കാതെ ജനങ്ങളെ ആകർശിക്കാത്ത രീതിയിൽ വസ്ത്രം ധരിച്ചുകൊണ്ട് അന്യപുരുഷന്മാരുമായി ഇടകലരാതെയാണ് പുറത്ത് പോകേണ്ടത്.അ

തോടൊപ്പം തികഞ്ഞ ഭക്തിയോടും ഭവ്യത്യയാടെയും കൂടിയാണ് അവർ പള്ളിയിലേക്ക് പോകേണ്ടത്.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ ﷺ « أَيُّمَا امْرَأَةٍ أَصَابَتْ بَخُورًا فَلاَ تَشْهَدْ مَعَنَا الْعِشَاءَ الآخِرَةَ ». (صحيح مسلم 1026)

അബൂഹുറൈറ(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു: ഏതെങ്കിലും സ്ത്രീ സുഗന്ധം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ കൂടെ അവസാനത്തെ രാത്രി നമസ്കാരത്തിന് പങ്കെടുക്കരുത്. (മുസ്ലിം : 1026)

**നബി (ﷺ) യുടെ ഭാര്യമാരും പള്ളിയിൽ പോയിരുന്നു.**

നബി(ﷺ)യുടെ കാലത്തും അവിടുത്തെ വിയോഗാനന്തരവും തിരുമേനി(ﷺ)യുടെ ഭാര്യമാർ പള്ളിയിൽ പോയി നമസ്കരിക്കുകയും ഇഅ്തികാഫിരിക്കുകയും കൂടി ചെയ്തിരുന്നതായി പ്രമാണങ്ങളിൽ കാണാവുന്നതാണ്.

നബി(ﷺ)യുടെ ഭാര്യയായ ആയിശ(ﷺ), സൈനബ്(ﷺ) എന്നിവർ പള്ളിയിൽ ഇഅ്തികാഫിരുന്നിരുന്നു (ബുഖാരി:2033, മുസ്ലിം:2848)

أَنَّ عَائِشَةَ رضي الله عنها قَالَتْ كُنَّ نِسَاءُ الْمُؤْمِنَاتِ يَشْهَدْنَ مَعَ رَسُولِ اللَّهِ ﷺ صَلاَةَ الْفَجْرِ مُتَلَفِّعَاتٍ بِمُرُوطِهِنَّ ثُمَّ يَنْقَلِبْنَ إِلَى بُيُوتِهِنَّ حِينَ يَقْضِينَ الصَّلاَةَ لاَ يَعْرِفُهُنَّ أَحَدٌ مِنَ الْغَلَسِ (صحيح البخاري 578)

ആയിശ(ﷺ) പറഞ്ഞു : നിശ്ചയം സത്യവിശ്വാസിനികളായ സ്ത്രീകൾ റസൂലുല്ലാഹി(ﷺ)യോടൊപ്പം അവരുടെ മൂടുവസ്ത്രം ധരിച്ചുകൊണ്ട് സുബ്ഹി നമസ്കാരത്തിൽ പങ്കെടുത്തിരുന്നു. നമസ്കാരം കഴിഞ്ഞാൽ അവർ വീട്ടിലേക്ക് മടങ്ങും. ഇരുട്ട് നിമിത്തം ഒരാൾക്കും അവരെ തിരിച്ചറിഞ്ഞിരുന്നില്ല. (ബുഖാരി : 578)

ഈ ഹദീസിനെ വിശദീകരിച്ചു കൊണ്ട് ഇമാം ഇബ്നു ഹജർ അസ്ഖലാനി (ﷺ) പറയുന്നത് നോക്കൂ :

وَفِي الْحَدِيثِ اِسْتِحْبَابُ الْمُبَادَرَةِ بِصَلَاةِ الصُّبْحِ فِي أَوَّلِ الْوَقْتِ وَجَوَازُ خُرُوجِ النِّسَاءِ إِلَى الْمَسَاجِدِ لِشُهُودِ الصَّلَاةِ فِي اللَّيْلِ ، وَيُؤْخَذُ مِنْهُ جَوَازُهُ فِي النَّهَارِ مِنْ بَابِ أَوْلَى لِأَنَّ اللَّيْلَ مَظِنَّةُ الرِّيبَةِ أَكْثَرَ مِنَ النَّهَارِ (فتح الباري لابن حجر - (2 / 360)

ഈ ഹദീസിൽ സുബ്ഹി നമസ്കാരം അതിന്റെ ആദ്യസമയത്ത് തന്നെ നിർവ്വഹിക്കൽ സുന്നത്താണെന്നും, രാത്രികളിൽ നമസ്കാരത്തിന്ന് വേണ്ടി സ്ത്രീകൾ പള്ളിയിലേക്ക് പുറപ്പെടാമെന്നുമുണ്ട്. അപ്രകാരം പകലിനേക്കാൾ രാത്രിയാണ് കൂടുതൽ സംശയത്തിന് സാദ്ധ്യതയുള്ളത് എന്നിരിക്കെ പകലിലും നമസ്കാരങ്ങൾക്കായി പള്ളിയിൽ പോകാമെന്ന് മനസ്സിലാകുന്നു. (ഫത്ഹുൽബാരി : 2/360)

പ്രവാചകൻ(ﷺ)യുടെ വഫാത്തിന്ന് ശേഷവും നബി(ﷺ)യുടെ ഭാര്യമാർ പള്ളിയിൽ നമസ്കരിക്കുകയും ഇഅ്തികാഫ് ഇരിക്കുകയും ചെയ്തിരുന്നു.

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا زَوْجِ النَّبِيِّ ﷺ أَنَّ النَّبِيَّ ﷺ كَانَ يَعْتَكِفُ الْعَشْرَ الْأَوَاخِرَ مِنْ رَمَضَانَ حَتَّى تَوَفَّاهُ اللَّهُ ثُمَّ اعْتَكَفَ أَزْوَاجُهُ مِنْ بَعْدِهِ (صحيح البخاري: 2026 ومسلم : 2841)

ആയിശ(رضي الله عنها) നിവേദനം നബി(ﷺ) വഫാത്താകുന്നതുവരെ റമളാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുന്ന് ഇഹലോകവാസം വെടിഞ്ഞതിനു ശേഷം അവിടുത്തെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നിരുന്നു. (ബുഖാരി : 2026, മുസ്ലിം : 2841)

പള്ളിയിൽ മാത്രമെ ഇഅ്തികാഫ് ശരിയാവുകയൊള്ളൂ. ഇത് ശാഫീ മദ്ഹബിലെ കിതാബുകൾവരെ വ്യക്തമാക്കുന്നുണ്ട്.

(പള്ളിയിൽ മാത്രമെ ഇഅ്തികാഫ് സാധുവാകുകയൊള്ളൂ. ജുമുഅത്തു പള്ളിയാണ് ഏറ്റവും നല്ലത്. അവയവങ്ങളിൽ ചിലത് പള്ളിയിൽ നിന്ന് പുറത്തേക്കിടുന്നതിന് വിരോധമില്ല. പള്ളിയിലല്ലാതെ വീട്ടിലോ മറ്റോ നമസ്കാരത്തിനായി തയ്യാർ ചെയ്യപ്പെട്ട സ്ഥലത്ത് ഇഅ്തികാഫ് സ്വഹീഹാവുകയില്ല. (പത്തുകിതാബ് അധ്യായം നൂറുൽ അബ്സാർ. ഇബ്റാഹീം പുത്തൂർ ഫൈസിയുടെ പരിഭാഷയിൽ നിന്ന് പേജ് : 123)

അമുസ്‌ലിം, ഭ്രാന്തൻ, ബോധംകെട്ടവൻ, ആർത്തവകാരി, പ്രസവക്കാരികൾ, വലിയ അശുദ്ധിയുള്ളവർ, ലഹരി ബാധിതർ, ഇവരുടെ ഇഅ്തികാഫ് സ്വീകാര്യമല്ല. (പത്തുകിതാബ് അധ്യായം നൂറുൽ അബ്സാർ. ഇബ്റാഹീം പുത്തൂർ ഫൈസിയുടെ പരിഭാഷയിൽനിന്ന് പേജ് : 124)

മലമൂത്ര വിസർജ്ജനം ചെയ്യുക, രോഗമാകുക, ആർത്തവമുണ്ടാകുക പോലൊത്ത ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യങ്ങൾക്കു വേണ്ടി പുറത്തു പോകുന്നതു കൊണ്ട് ഇഅ്തികാഫ് ബാത്വിലാവുകയില്ല. (ഇബ്റാഹീം പുത്തൂർ ഫൈസിയുടെ ഉംദ പരിഭാഷയിൽനിന്ന് പേജ് : 184)

## വീടാണോ ഉത്തമം ?

സ്ത്രീകൾ വീട്ടിൽ അടങ്ങിയൊതുങ്ങി ഇരിക്കുന്നതാണ് അവർക്ക് നല്ലത്. എന്നാൽ നമസ്കാരം, ത്വവാഫ്, ഹജ്ജ്, ഉംറ എന്നീ കാര്യങ്ങൾക്കുവേണ്ടി സ്ത്രീകൾ പുറത്തുപോകുന്നത് അല്ലാഹുവോ റസൂലോ മുടക്കിയിട്ടില്ല. സ്ത്രീകൾ പള്ളിയിൽ വെച്ച് നമസ്കരിക്കുന്നതിനേക്കാൾ ഉത്തമം അവരുടെ വീട്ടിൽവെച്ച് നമസ്കരിക്കലാണ് എന്ന ഹദീസ് സ്വഹീഹാണെങ്കിൽ തന്നെ അവയൊന്നും പള്ളിയിൽവെച്ച് നമസ്കരിക്കുന്നത് ഹറാമാണെന്ന് പഠിപ്പിക്കുന്നില്ല.

അത്തരം ഹദീസുകൾ സ്വഹീഹാണെങ്കിൽ നബി(ﷺ)യുടെ പ്രിയപത്നിമാർ പള്ളിയിൽ പോകുമായിരുന്നില്ല. പക്ഷെ അവർ പള്ളിയിൽ പോയിരുന്നുവെന്ന് മാത്രമല്ല പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുകയും കൂടി ചെയ്തിരുന്നുവെന്ന ഹദീസ് നാം മുകളിൽ വായ്ചുവല്ലോ.

ഒരു സ്ത്രീ ഇസ്‌ലാമിക വേഷമണിഞ്ഞ് തന്റെ ഭർത്താവിന്റെയോ പിതാവിന്റെയോ സഹോദരന്മാരുടെയോ കൂടെ അല്ലാഹുവിനുള്ള ഇബാദത്ത് നിർവ്വഹിക്കാൻ പള്ളിയിൽ പോകുന്നത് ഹറാമും സ്ത്രീകൾക്ക് അന്യപുരുഷന്മാരുടെ കൂടെ സിയാറത്ത് ടൂറുകൾക്ക് പോകുന്നതിനോ, വ്യഭിചാരം വരെ നടക്കുമെന്നുറപ്പുള്ള നേർച്ചപ്പൂരങ്ങളിൽ അന്യപുരുഷന്മാരെ തൊട്ടുരുമ്മി കൂത്താടുന്നതിനോ യാതൊരു വിരോധവുമില്ലത്രെ ! എന്തൊരു ആഭാസം !

അല്ലാഹുവിനെ ആരാധിക്കാനായി ലോകത്താദ്യമായി നിർമ്മിക്കപ്പെട്ട ഏറ്റവും ശ്രേഷ്ഠമായ മക്കത്തെ പള്ളിയിലും അപ്രകാരം മദീന

പ്പള്ളിയിലും അന്നുമുതൽ ഇന്നുവരെ ജുമുഅഃയിലും ജമാഅത്തുകളിലും സ്ത്രീകൾ പങ്കെടുക്കുന്നുണ്ട്. എന്നിരിക്കെ സമസ്ത മുസ്ല്യാക്കന്മാരുടെ ഈ പൊള്ള വാദത്തിന് എന്ത് തെളിവാണുള്ളത് ?

**ഇമാം ശാഫി (ﷺ) എന്ത് പറയുന്നു. ?**

ശാഫി മദ്ഹബിലെ ഏറ്റവും ചെറിയ ഗ്രന്ഥമായ പത്ത്കിതാബ് മുതൽ അൽഉമ്മ് വരെയുള്ള സകല ഗ്രന്ഥങ്ങളും പഠിക്കിക്കുന്നത് സ്ത്രീകൾ പുരുഷന്മാർ പങ്കെടുക്കുന്ന പള്ളികളിൽ പോയി ജുമുഅഃ ജമാഅത്തുകളിൽ പങ്കെടുക്കൽ അനുവദനിയമാണെന്നാണ്.

**പത്ത് കിതാബിൽ പറയുന്നു :**

ويكره حضور المسجد لمشتهاة وشابة لا غيرهما عند أمن الفتنة (عشرة كتب : صفحة : 7 )
കാഴ്ചയിൽ ആഗ്രഹിക്കപ്പെടുന്നവർക്കും യുവതികൾക്കും പള്ളിയിൽ ഹാജരാവൽ കറാഹത്താണ്. ഇവരല്ലാത്തവരല്ല. നാശത്തെ പേടിക്കാത്തപ്പോഴാണ് ഇപ്പറഞ്ഞത്. (ഒറ്റമാളിയേക്കൽ മുത്തുക്കോയ തങ്ങളുടെ പത്ത് കിതാബ് പരിഭാഷ പേജ് : 131)

ഇവിടെ കറാഹത്ത് (അനിഷ്ടകരം) മാത്രമാണ് യുവതികൾക്കുപോലും പള്ളിയിൽ ഹാജരാവൽ ഹറാമില്ല എന്നാണ് പറയുന്നത്. യുവതികളല്ലാത്തവർക്ക് അനുവദനിയവുമാണ്. എന്നാൽ നവവിയെപ്പോലെയുള്ള ശാഫി മദ്ഹബിലെ പ്രാമാണികരായ പണ്ഡിതന്മാർ സ്ത്രീകളിൽ എല്ലാവർക്കും അനുവദനിയമാണെന്ന് പറയുന്ന ധാരാളം ഉദ്ധരിണികൾ കാണാൻ സാധിക്കും.

وَيَقِفُ خَلْفَهُ الرِّجَالُ ثُمَّ الصِّبْيَانُ ثُمَّ النِّسَاءُ (شرح المحلي على المنهاج (1 / 312)
ഇമാമിന്റെ പിന്നിൽ ആദ്യം പുരുഷന്മാരും പിന്നെ ആൺകുട്ടികളും പിന്നെ സ്ത്രീകളുമാണ് അണിനിരക്കേണ്ടത്. (മഹല്ലി : 1/312)

ويقف خلف الإمام الرجال، ثم الصبيان، ثم النساء. (فتح المعين - (2 / 32)
ഇമാമിന്റെ പിന്നിൽ ആദ്യം പുരുഷന്മാരും പിന്നെ കുട്ടികളും ശേഷം സ്ത്രീകളും നിൽക്കണം (ഫത്ഹുൽ മുഈൻ : 66)

أذا أرادت المرأة حضور الجمعة فهو كحضورها لسائر الصلوات (المجموع - (4 / 496)
സ്ത്രീകൾ ജുമുഅഃ നമസ്കാരത്തിന് പങ്കെടുക്കാൻ ഉദ്ദേശിച്ചാൽ മറ്റുള്ള നമസ്കാരങ്ങൾക്ക് അവർ വരുമ്പോൾ പാലിക്കേണ്ട നിബന്ധനയോടു കൂടി വരേണ്ടതാണ്. (ശറഹുൽ മുഹദ്ദബ് വാല്യം 4 പേജ്:496)

ولا أحب لواحد ممن له ترك الجمعة من الاحرار للعـذر ولا مـن النسـاء وغـير البـالغين والعبيد أن يصلي الظهر حتى ينصرف الامام... لانه لعله يقدر على إتيان الجمعة فيكـون إتيانها خيرا له ( الأم : 1 / 219)

ജുമുഅഃ നിർബന്ധമില്ലാത്ത സ്വതന്ത്ര പുരുഷന്മാരിൽ നിന്നുള്ള വിട്ടുവീഴ്ചയുള്ളവർ, പ്രായപൂർത്തിയെത്താത്തവർ, സ്ത്രീകൾ, അടിമകൾ, എന്നിവർ ഇമാം ജുമുഅഃ നിർവ്വഹിച്ചു അതിൽനിന്ന് വിരമിച്ച ശേഷമല്ലാതെ ളുഹ്ർ നമസ്കരിക്കുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല.കാരണം അവർക്ക് അവരുടെ തടസ്സം നീങ്ങിയാൽ ജുമുഅഃക്കു പങ്കെടുക്കലാണ് ഏറ്റവും ഉത്തമം. (അൽഉമ്മ് : 1/219)

## നൂറിലധികം തെളിവുകൾ

ഇസ്ലാമിക വേഷമണിഞ്ഞുകൊണ്ട് സ്ത്രീകൾക്ക് പള്ളിയിൽ പോയി ജുമുഅഃ ജമാഅത്ത് നമസ്കാരങ്ങൾ, പെരുന്നാൾ നമസ്കാരങ്ങൾ, ഗ്രഹണ നമസ്കാരങ്ങളിലെല്ലാം പങ്കെടുക്കൽ അനുവദനീയമാണെന്ന് നൂറിലധികം തെളിവുകൾകൊണ്ട് സ്ഥിരപ്പെട്ടതാണ്. അവയെല്ലാം ഉദ്ദരിച്ച് ദീർഘിപ്പിക്കേണ്ടതില്ല. ആവശ്യമെങ്കിൽ മുഴുവൻ തെളിവുകൾ നിരത്താനും തയ്യാറാണെന്ന് സൂചിക്കിക്കുന്നു.

ചുരുക്കത്തിൽ മുസ്ലിം സ്ത്രീകൾക്ക് ഇസ്ലാം പറഞ്ഞ നിബന്ധനകൾ പാലിച്ചു കൊണ്ട് പള്ളികളിൽ പോയി ജുമുഅഃ ജമാഅത്ത് നമസ്കാരങ്ങളിൽ പങ്കെടുക്കുന്നത് ഹറാമാണെന്ന് വിശുദ്ധ ഖുർആനിലോ, നബി(ﷺ)യുടെ ഹദീസിലോ, ഇമാം ശാഫീ(ﵬ) പറഞ്ഞതായോ ഒരാൾക്കും കാണിക്കുക സാധ്യമല്ല.

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين .

*********